## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 133 | 02.03.2020-ൽ മറുപടി നൽകേണ്ടിയിരുന്നത്

### കസ്റ്റഡി മരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) കസ്റ്റഡിയിലിരിക്കവെ 7 പേർ മരണപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുണ്ടായ വീഴ്ച കണക്കിലെടുത്ത് ചില കേസന്വേഷണം CBI യ്ക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) കസ്റ്റഡിമരണങ്ങൾ സി.ബി.ഐ.ക്ക് വിടാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ നിലവിൽ ഏതെല്ലാം കേസുകളാണ് സി.ബി.ഐ.യ്ക്ക് വിടാൻ തീരുമാനമെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) പൊതുവായ തീരുമാനം എടുത്തിട്ടില്ല. |
| (സി) കസ്റ്റഡിമരണങ്ങൾ അന്വേഷിക്കുന്നതിൽ സംസ്ഥാന പോലീസിന്റെ ഭാഗത്തുള്ള അലംഭാവമാണ് ഇത് ആവർത്തിയ്ക്കുന്നതിന് ഇടയാക്കിയിട്ടുള്ളതെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിന്റെ അന്വേഷണം കേന്ദ്ര ഏജൻസിയ്ക്ക് കൈമാറുന്നത് ഈ സാഹചര്യത്തിന് മാറ്റമുണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) കസ്റ്റഡി മരണങ്ങൾ അന്വേഷിക്കുന്നതിൽ സംസ്ഥാന പോലീസിന്റെ ഭാഗത്ത് അലംഭാവമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസുദ്യോഗസ്ഥർ പ്രതിയാകുന്ന ചില കേസുകളുടെ അന്വേഷണം മറ്റൊരു ഏജൻസി അന്വേഷിക്കുന്നതു ഉചിതമാണെന്ന് കണ്ട് അവ CBI യുടെ അന്വേഷണത്തിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ